"ഭരണഭാഷ- മാതൃഭാഷ"

കേരളം സർക്കാർ

സംഗ്രഹം

ധനകാര്യ വകുപ്പ് - പാലക്കാട് ജില്ലയിലെ റെയിൽവേ പദ്ധതിക്ക് ഭൂമി ഏറ്റെടുക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർ റെയിൽവേ & CALA യുടെ കാര്യാലയത്തിലെ സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർ, റെയിൽവേ & CALA-യെ **2053-00-094-98** എന്ന ശീർഷകത്തിൽ ഡ്രായിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് ഓഫീസറായി നിയോഗിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ധനകാര്യ (സ്ക്രീനിംഗ്) വകുപ്പ്

സ.ഉ.(സാധാ) നം.9093/2026/FIN തീയതി,തിരുവനന്തപുരം, 27-11-2026

പരാമർശം:- ലാൻഡ് റവന്യൂ കമ്മീഷണറുടെ 29.10.2026 തീയതിയിലെ LR/3241/2026-FB(AI) നമ്പർ കത്ത്

ഉത്തരവ്

പാലക്കാട് ജില്ലയിലെ റെയിൽവേ പദ്ധതിക്ക് ഭൂമി ഏറ്റെടുക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർ റെയിൽവേ & CALA യുടെ കാര്യാലയത്തിലെ ജീവനക്കാർക്ക് ശമ്പളവും മറ്റ് അലവൻസുകളും ലഭ്യമാക്കുന്നതിന് സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർ, റെയിൽവേ & CALA-യെ **2053-00-094-98**എന്ന ശീർഷകത്തിൽ ഡ്രായിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് ഓഫീസറായി നിയോഗിച്ച് ഉത്തരവ് പുറപ്പെടുവിക്കണമെന്ന് പരാമർശത്തിലെ കത്ത് പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ അപേക്ഷിച്ചിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, പാലക്കാട് ജില്ലയിലെ റെയിൽവേ പദ്ധതിക്ക് ഭൂമി ഏറ്റെടുക്കുന്നതിനായി പുതുതായി രൂപീകരിച്ചിട്ടുള്ള സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർ റെയിൽവേ & CALA കാര്യാലയത്തിലെ സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർ, റെയിൽവേ & CALA-യെ **2053-00-**

094-98 എന്ന ശീർഷകത്തിൽ ഡ്രായിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് ഓഫീസറായി നിയമിക്കുന്നതിനും ട്രഷറി ഇടപാടുകൾ പാലക്കാട് ജില്ലാ ട്രഷറി വഴി നടത്തുന്നതിനുള്ള അനുമതിയും നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സുരേഷ് കുമാർ ഒ ബി
അഡിഷണൽ സെക്രട്ടറി

പകർപ്പ്:-

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ.&ഇ)കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II) കേരളം, തിരുവനന്തപുരം.

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.

റവന്യൂ(എഫ്) വകുപ്പ് **UO (F) No. REV-F2/341/2026-REV** -കമ്പ്യൂട്ടർ നമ്പർ **3687526** പ്രകാരം)

ധനകാര്യ (വ്യയം -ഡി) വകുപ്പ്

നോഡൽ ഓഫീസർ, **www.finance.kerala.gov.in**

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി **(E3706600)**

ഉത്തരവിൻ പ്രകാരം

Sumathi.K

സെക്ഷൻ ഓഫീസർ